**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4451** **18-03-2025 - ൽ മറുപടിയ്ക്ക്**

**വീര്യം കുറഞ്ഞ മദ്യോല്പാദനത്തിനായി പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്ക് കശുമാങ്ങയിൽ നിന്ന് ഗോവൻ ഫെനി മാതൃകയിൽ വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; | (എ) | കശുമാങ്ങയിൽ നിന്ന് ഗോവൻ ഫെനി മാതൃകയിൽ വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിനുള്ള ലൈസൻസിനായി പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്ക് സഹകരണ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ, പ്രസ്തുത സംഘം തളിപ്പറമ്പ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുഖേന ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, കണ്ണൂർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി സംഘം അറിയിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിക്ക് അനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ